# വിടവാങ്ങുന്നു ഞങ്ങൾ

★

(ടി. അപ്പുക്കുട്ടൻ, സീനിയർ ബി. എ.)

വിടവാങ്ങുന്നു ഞങ്ങളിക്കലാലയത്തിന്റെ
യശമസ്സന്താനങ്ങൾ ഭാവിതൻ വിജേതാക്കൾ.

ആയിരം പൂച്ചെണ്ടുകൾകൊണ്ടു തീർത്താനു നവ്യ-
മോഹനഹാരങ്ങളീ സുന്ദരസുദിനങ്ങൾ

മായികമാകും ലോകവീഥിയിലിറങ്ങുമീ-
മാൺപുററ ജേതാക്കൾതൻ ഭാവിയെന്തറിഞ്ഞീല.

നീറുന്ന ഹൃദയത്തിൻ നൊമ്പരം സഹിച്ചും നാം
പേറുന്നു കദനത്തിൻ കണ്ണുനീർക്കണികകൾ

ആ മൃദുഹാസം പൊഴിച്ചരുളി, സ്നേഹത്തിന്റെ
ഗാനങ്ങളുണർത്തിയോരാചാര്യൻ "മമ്മിസാഹേബ്"

ഹാ! നമ്മെ വെടിഞ്ഞുപോയ് നാകത്തിലേതോ ദിവ്യ
ഗാനങ്ങൾ പാടിക്കാലംകഴിച്ചീടുകയാവാം.

ആർഷസംസ്കാരത്തിൻ മണിദീപത്തിൻ തേജ-
സ്സാത്തീയപ്രകാശമീങ്ങരുളീ ചിരകാലം

ആ മണികുംഭത്തിലെ മാദകമാകും പുണ്യ
പീയൂഷം വിബുധരായ്ച്ചമച്ചു നമ്മെയെല്ലാം

ഇക്കലാലയത്തിന്റെ ഭിത്തിമേൽക്കാണാം നമു-
ക്കാദ്യമായമലാമാമൂൽകൃഷ്ടപ്രതിഷ്ഠകൾ

"അമ്പിളിക്കലെ വിശദവിശുദ്ധവേദാന്തവു-
മുണ്മയാം നീതിക്കോലും കേരളകല്പദ്രുവും"

വിജ്ഞാനമധുകുംഭം പേറിക്കൊണ്ടെതാ ചുഴ-
മജ്ഞാനികൾക്കൊരു തണലായ് കേരജാലം.